പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2399 18.02.2016 - ൽ മറുപടിയ്ക്ക്

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ.എളമരം കരീം : | ശ്രീ. വി. എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ആരോഗ്യവകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും, മരുന്നുൽപ്പന്നങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശം. കൂടാതെ ആശുപത്രികൾക്കാവശ്യമായ ആധുനിക മെഡിക്കൽ, പാരാമെഡിക്കൽ ഉപകരണങ്ങളും, അനുബന്ധ സജ്ജീകരണങ്ങളും ലഭ്യമാക്കുക തുടങ്ങിയവയാണ് കോർപ്പറേഷന്റെമേൽ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ.<br>മരുന്നു വിപണിയിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ സാധാരണക്കാർക്ക് ബ്രാന്റഡ് മരുന്നുകൾ വളരെ കുറഞ്ഞ വിലയ്ക്ക് (വിപണി വിലയെക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ) ലഭ്യമാക്കാൻ സാധിക്കുന്നു. നിലവിൽ എല്ലാ ജില്ലകളിലുമായി 42 കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നു.<br>കേരളത്തിലെ ആരോഗ്യവകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ, മുൻകൂട്ടി ലഭിക്കുന്ന ഇന്റന്റ് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങളിലൂടെ ഗുണനിലവാരമുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ കാരുണ്യാ |

| | |
|---|---|
| | കമ്മ്യൂണിറ്റി ഫാർമസിയിലൂടെ വിവിധ കമ്പനികളുടെ മിക്ക ഇനം ജീവൻരക്ഷാ മരുന്നുകളും, മറ്റു മരുന്നുൽപ്പന്നങ്ങളും വിപണി വിലയെക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ നൽകി വരുന്നു.<br>രോഗികളെയും അപകടത്തിൽപ്പെടുന്നവരെയും അടിയന്തിര ഘട്ടത്തിൽ ആശുപത്രികളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച കേരള എമർജൻസി മാനേജ്മെന്റ് പ്രോജക്ടായ 108 ആംബുലൻസ് സർവ്വീസ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രവർത്തനം നടത്തിവരുന്നു. |
| (ബി) അവശ്യമരുന്നുകൾ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കുന്ന തിനായി കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികൾക്ക് അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം ജനറിക് മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും സൗജന്യമായി നൽകുന്നുണ്ട് . |
| (സി) സ്ഥിരം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ പലതും കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>നിലവിൽ കാരുണ്യ ഫാർമസികളിൽ 9359 ഇനം മരുന്നുകളുൾപ്പെടെ സർജിക്കൽ ഉപകരണങ്ങളും ലഭ്യമാണ്. ജനങ്ങളുടെ ആവശ്യകതയനുസരിച്ച് ഓരോ ഫാർമസിയിലും കൂടുതൽ മരുന്നുകൾ ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ